LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിലെ പാസഞ്ചർ ഇതര വാഹനങ്ങളുടെ തരംതിരിച്ച എണ്ണം ചുവടെ ചേർക്കുന്നു :

ഡിപ്പോ വാൻ	-	94
ജീപ്പ്	-	52
കാർ	-	15
ടാങ്കർ ടെക്ക്	-	9
ലോറി	-	6
ആമ്പുലൻസ്	-	2
ആകെ		178

(ബി) KL-01 AY 9762 എന്ന ബൊലീറോ ജീപ്പ് 10-1-2012-ൽ ശീതീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ എക്സിക്യൂട്ടീവ് ഡയറക്ടർ (ഓപ്പറേഷൻ)-ന് അനുവദിച്ചിട്ടുള്ള വാഹനമായതിനാലും ഇന്ത്യയിലെ വിവിധ ആർ.ടി.സി.-യിൽനിന്നും വരുന്ന ഉന്നത ഉദ്യോഗസ്ഥർക്ക് കേരളത്തിലെ യാത്രയ്ക്ക് അനുവദിക്കുന്നതിനുമാണ് ഈ വാഹനം ഉപയോഗിക്കുന്നത്. ടി വാഹനം ശീതീകരിക്കുന്നതിന് 55,915 രൂപ ചെലവായിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യിൽ പുറത്തിറക്കിയ പുതിയ ബസുകൾ

332 (2207) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കെ.എസ്.ആർ.ടി.സി. എത്ര ബസുകൾ കണ്ടം ചെയ്യുവെന്ന് അറിയിക്കുമോ ;

(ബി) വിവിധ ഡിപ്പോകളിൽനിന്നും ഓപ്പറേറ്റ് ചെയ്യുന്ന ആകെ കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകൾ എത്ര ; ഇവയ്ക്ക് എത്ര ബസുകളാണ് ആവശ്യമായിട്ടുള്ളത് ; ഇപ്പോൾ എത്ര ബസുകളാണ് ഉള്ളത് ;

(സി) ബസുകളുടെ കുറവ് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 2014 ഒക്ടോബർ വരെ 1152 ബസുകൾ കണ്ടം ചെയ്തിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യ്ക്ക് നിലവിൽ 5668 ഷെഡ്യൂളുകളാണുള്ളത്. ഈ ഷെഡ്യൂളുകൾ ഓപ്പറേറ്റ ചെയ്യുന്നതിന് സ്റ്റെയർ ബസുകൾ ഉൾപ്പെടെ 6365 ബസുകൾ ആവശ്യമാണ്. നിലവിൽ 5603 ബസുകൾ ഉണ്ട്. ഇതിൽ 320 JnNURM പദ്ധതിയിൽപ്പെട്ട ബസുകളുടെ എണ്ണം ഉൾപ്പെടുത്തിയിട്ടില്ല.

(സി) 1500 പുതിയ ബസുകൾ നിരത്തിലിറക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പുതിയ ബസുകളുടെ ബോഡി നിർമ്മാണം വിവിധ കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകളിൽ നടന്നുവരുന്നു. പുതിയ ബസുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് ബസുകളുടെ കുറവ് പരിഹരിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി.-യെ പൊതുമേഖലയിൽ നിലനിർത്താൻ നടപടി

333 (2208) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യെ പൊതുമേഖലയിൽ നിലനിർത്താൻ ഒരു വ്യക്തമായ നയം രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ;

(ബി) സാമ്പത്തിക പ്രതിസന്ധി കാരണം എത്ര ബസ്സ് റൂട്ടുകൾ വെട്ടിച്ചുരുക്കി, എത്ര ബസ്സാണ് സർവ്വീസ് നടത്തുന്നത് വ്യക്തമാക്കാമോ ;

(സി) പൊതുമേഖലാ സ്ഥാപനത്തിന് സബ്സിഡൈസ്ഡ് ഡീസൽ ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിന വരുമാനം, പെൻഷൻ, ശമ്പളം, പ്രതിമാസ ബാദ്ധ്യത, പ്രതിമാസ ലോൺ കുടിശ്ശിക എന്നിവയുടെ ഇനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ; പെൻഷൻകാർക്ക് ഏത് മാസം വരെ പെൻഷൻ നൽകിയിട്ടുണ്ട് ?